പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1136 — 10/08/2017 -ൽ മറുപടിയ്ക്ക്

## പ്രൈമറി സ്കൂൾ അധ്യാപകരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ജില്ലാടിസ്ഥാനത്തിൽ ഇതര വകുപ്പുകളിൽ നിയമിതരാകുന്ന ജീവനക്കാരും, പ്രൈമറി അധ്യാപകർ ഒഴികെയുള്ളവരും പ്രമോഷനുശേഷം സംസ്ഥാന തലത്തിലേക്ക് മാറുമ്പോൾ, പ്രൈമറി സ്കൂൾ അധ്യാപകരായി നിയമനം ലഭിക്കുന്നവർ മാത്രം റിട്ടയർമെന്റുവരെ അതേ ജില്ലയിൽ തുടരുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൈമറി പ്രഥമാധ്യാപക തസ്തികകളിൽ ജില്ലാടിസ്ഥാനത്തിൽ തന്നെയാണ് നിയമനം നടത്തുന്നത് എന്നതിനാൽ റിട്ടയർമെന്റ് വരെ അവർക്ക് ആ ജില്ലയിൽ തന്നെ തുടരാൻ കഴിയും |
| (ബി) പ്രൈമറി സ്കൂൾ അധ്യാപകർക്ക് നിശ്ചിതഗ്രേഡ് ലഭിച്ചതിനുശേഷമോ, പ്രൊമോഷൻ ലഭിച്ചതിനു ശേഷമോ, ജില്ലാടിസ്ഥാനത്തിൽ ഇതര വകുപ്പുകളിൽ നിയമിതരാകുന്ന ജീവനക്കാരെ പ്പോലെ സ്റ്റേറ്റ് വൈസ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ | (ബി) യും (സി) യും നിലവിൽ പരിഗണനയിലില്ല. |
| (സി) ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ